# വി.കെ. ദിനേഷിന്റെ പെയിന്റിംഗുകൾ

സുസ്മേഷ് ചന്ത്രോത്ത്



വി.കെ. ദിനേഷിന്റെ ചിത്രങ്ങൾക്ക് വ്യാഖ്യാനങ്ങൾ അനാവശ്യമാണ്. പെയിന്റിംഗുകൾ നിർത്തിവച്ചിരിക്കുന്നിടം ഒരു ക്ലാസ് മുറികൂടിയാക്കി ആസ്വാദകരെ വിറപ്പിക്കുന്നിടത്തോളം ദിനേഷിന്റെ രചനകൾ 'വളർന്നിട്ടില്ല', അല്ലെങ്കിൽ വഴി മാറി നിൽക്കുന്നു. ഇത് ഈ യുവചിത്രകാരന്റെ ഭാവിയിലെ സുനിശ്ചിതമായ വിജയങ്ങളുടെ നാന്ദിയാണ്. ഡിസംബർ 8 മുതൽ 14 വരെ ലളിതകലാ അക്കാദമിയുടെ ആർട്ട് ഗ്യാലറിയിൽ ദിനേഷിന്റെ ഇരുപതിലേറെ രചനകൾ പ്രദർശിപ്പിച്ചിരുന്നു. പല മീഡിയത്തിൽ ചെയ്തെടുത്തിട്ടുള്ളവയാണ് രചനകൾ അധികവും. ഓയിലും അക്രിലിക്കും ചാർക്കോളും സിൽക്ക് സക്രീൻ പ്രിന്റിംഗും മെറ്റൽ പ്രൈമറും ഫോട്ടോഗ്രാഫുമെല്ലാം ദിനേഷ് തന്റെ സാക്ഷാത്കാരത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇതിലൂടെ ലഭിക്കുന്നത് കണ്ണുകളെ ശല്യം ചെയ്യുന്ന കൊളാഷുകളല്ല. കണ്ണുകൾ നമുക്കു കിട്ടിയ എത്ര വലിയ സൗഭാഗ്യമാണെന്ന് ഓർമ്മപ്പെടുത്തുന്ന കലാസൃഷ്ടികളാണ്.

നിറങ്ങളെക്കുറിച്ചും രേഖകളെക്കുറിച്ചും ദിനേഷിന് നല്ല ബോദ്ധ്യമുണ്ട്. താളം തെറ്റിപ്പോകാത്ത വരകൾ മൂർത്തമാണ്. അവയാകട്ടെ അർത്ഥമുള്ള രചനകളിലേക്കുള്ള വഴി വെട്ടുന്നു. Portrait of a wall painter, Portrait of-'s mother, City scape, Water, Queue, യാത്ര Chair എന്നീ രചനകളെല്ലാം നമ്മോടു തീർച്ചയായും സംവദിക്കുന്നുണ്ട്. നഗരത്തിന്റേയും ഗ്രാമത്തിന്റേയും ലാന്റ്സ്കേപ്പുകളെ പറ്റിയും അവയുടെ നിറഭേദങ്ങളെപ്പറ്റിയും ദിനേഷിന് വ്യക്തമായ ബോധമുണ്ട്. അവ രചനകളിൽ തെളിയുന്നത് ഔചിത്യം ദീക്ഷിച്ചു തന്നെയാണ്. 'കാമാത്തിപ്പുര' എന്ന ചിത്രം പ്രദർശനത്തിൽ വേറിട്ടുനിൽക്കുന്നതായി. ശൈശവത്തിന്റെ നിർമ്മലത ദിനേഷ് ആവിഷ്കരിക്കുമ്പോൾ, തട്ടിക്കൂട്ടിയെടുക്കുന്ന ഒരു കുട്ടിയുടെ മുഖഭാവമല്ല തെളിയുന്നത്. ചുമരിന് ചായമടിക്കുന്ന മനുഷ്യനെ വരയ്ക്കുമ്പോൾ, വെളിച്ചവും നിഴലും സ്ഥലവും കാലവും ചേർന്ന് മൂർത്തമായ ഒരു ദൃശ്യതലം തന്നെ നിർമ്മിക്കപ്പെടുന്നു. ദിനേഷിന്റെ ചിത്രങ്ങൾ പരന്നതല്ല; ദിനേഷ് വരയ്ക്കുകയല്ല; തിരശ്ശീലയിട്ടു മറച്ച ഒരു പ്രപഞ്ചത്തിൽ ഒരു ചതുരമുണ്ടാക്കി ഓരോ ദൃശ്യങ്ങളെ നേരിട്ടു കാണിച്ചു തരികയാണ്. ഇത് താൻ ജീവിക്കുന്ന കാലത്തെ പിടിച്ചെടുക്കലാണ്. സംസ്കൃതിയുടെ വളർച്ചയും വരൾച്ചയും സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരാളിൽ നിന്നു രൂപപ്പെടുന്ന പ്രതിഫലനങ്ങൾ തന്നെയാണിത്. മനപ്പൂർവ്വം ദുർഗ്രഹമാക്കാത്ത ഈ ചിത്രങ്ങൾക്ക് മൂർച്ച പകരുന്നത് സമകാലീനതയുടെ സാമീപ്യവും.

തൃശ്ശൂർ സ്വദേശിയായ വി. കെ. ദിനേഷ് സ്വതന്ത്ര ചിത്രരചനയുമായി കഴിഞ്ഞ പത്തുവർഷവുമായി ബാംഗ്ലൂരിലാണ് സ്ഥിരതാമസം. മുംബൈയിലെ ജഹാംഗീർ ആർട്ട് ഗ്യാലറിയിൽ ഗ്രൂപ്പ് എക്സിബിഷനും ബാംഗ്ലൂരിൽ മറ്റ് പ്രദർശനങ്ങളും നടത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ ഇതാദ്യമായാണ് ദിനേഷ് പ്രദർശനമൊരുക്കുന്നത്. അത്, അർത്ഥവത്തായ രചനകളുടെ ആസ്വാദനത്തിന് അവസരമൊരുക്കി എന്നു നിസ്സംശയം പറയാം.